**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2847** **10-03-2025 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പന്തപ്ര ആദിവാസി നഗറിലെ ആദിവാസികൾക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികൾ വേഗത്തിലാക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | പന്തപ്ര കോളനി നിവാസികളുടെ പുനരധിവാസത്തിനായി ആദിവാസികൾക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ ക്ലിയർ ഫെല്ലിംഗ് ചെയ്യുന്നതിനായി വർക്കിംഗ് പ്ലാൻ ഡീവിയേഷൻ പ്രൊപ്പോസൽ സ്റ്റാൻഡിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിംഗിൽ സമർപ്പിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട 03/09/2024 ലെ സ്റ്റാൻഡിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിംഗിൽ, പ്ലാന്റേഷൻ റീവിസിറ്റ് ചെയ്ത് നിലവിലുള്ള മരങ്ങൾ വളർച്ച എത്തിയിട്ടുണ്ടോയെന്നും, ടി മരങ്ങൾ Rotation Age വരെ നിലനിർത്തുന്നതാണോ ലാഭകരം എന്ന് പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 27/11/2024-ൽ രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റി 04/12/2024 ന് തോട്ടം പരിശോധിച്ചു. എക്സ്പേർട്ട് കമ്മിറ്റിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിവൈസ്ഡ് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ